എ.വൈ.ആർ

സൃഷ്ടികളിൽ അതിശ്രേഷ്ഠനായ മനുഷ്യനു മാത്രം ഇത്ര ദീർഘവും അവശവും ആശ്രിതവുമായ ശൈശവ-ബാല്യങ്ങൾ വന്നുചേർന്നത് യാദൃഛികമല്ല. മനുഷ്യൻ മനുഷ്യനാകാൻ സ്രഷ്ടാവ് ആസൂത്രണം ചെയ്ത പ്രക്രിയയാണത്. പ്രസവിക്കപ്പെട്ട ഉടനെ സ്വന്തം പാടുനോക്കി പോയിരുന്നെങ്കിൽ തിര്യക്കുകളെപ്പോലെ അവനും കുടുംബവും സമൂഹവും സംസ്കാരവുമില്ലാത്ത മൂഢജീവിയായിത്തീരുമായിരുന്നു.



وَهُوَ الَّذِي مَرَجَ الْبَحْرَيْنِ هَٰذَا عَذْبٌ فُرَاتٌ وَهَٰذَا مِلْحٌ أُجَاجٌ
وَجَعَلَ بَيْنَهُمَا بَرْزَخًا وَحِجْرًا مَحْجُورًا ﴿٥٣﴾

53. ഇരു സാഗരങ്ങൾ കൂട്ടിയിണക്കിയതും അവൻ തന്നെയാകുന്നു. ഒന്ന് സുഖശീതളമായ തെളിനീർ. മറ്റേത് ചവർപ്പുറ്റ ഉപ്പുനീരും. രണ്ടും കൂടിക്കലരുന്നത് തടയുന്ന ഒരു മറയും ഉണ്ടാക്കി.

**53**

وَهُوَ = അവൻ (തന്നെയാകുന്നു)   الَّذِي مَرَجَ = ഒഴുക്കിയവൻ, കൂട്ടിയിണക്കിയവൻ   الْبَحْرَيْنِ = ഇരു സാഗരങ്ങൾ

هَٰذَا عَذْبٌ فُرَاتٌ = ഇത് (ഒന്ന്) അനായാസം ഇറക്കാവുന്ന (സുഖശീതളമായ) കുടിനീർ

وَهَٰذَا مِلْحٌ أُجَاجٌ = ഇത് (മറ്റേത്) ചവർപ്പുറ്റ ഉപ്പുനീരും   وَجَعَلَ بَيْنَهُمَا = അവ രണ്ടിനുമിടയിൽ അവൻ ആ(ഉണ്ടാ)ക്കി

بَرْزَخًا وَحِجْرًا مَحْجُورًا = ഒറ്റ മറയും വിലക്കും (രണ്ടും കൂടിക്കലരുന്നത് തടയുന്ന)

അല്ലാഹുവിന്റെ ഏകത്വത്തിന്റെയും സൃഷ്ടിവൈഭവത്തിന്റെയും മറ്റൊരു ദൃഷ്ടാന്തത്തിലേക്ക് ശ്രദ്ധക്ഷണിക്കുകയാണിവിടെ. 'മർജ്'ൽനിന്നുള്ള ക്രിയയാണ് 'മറജ'. ഒഴുക്ക്, കലർപ്പ്, സംഗമം എന്നീ അർഥങ്ങളുണ്ട്. കാലികൾ നിയന്ത്രണമില്ലാതെ മേയുന്ന പുൽത്തകിടിക്ക് مَرْج എന്നു പറയും. ഈ സൂക്തത്തിലെ 'മറജ' 'ഒഴുക്കി' എന്നും 'സംഗമിപ്പിച്ചു' എന്നും തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. 'ഒഴുക്കി' എന്ന അർഥത്തിലെടുക്കുമ്പോൾ താൽപര്യമിതാണ്: ജലം വായുവിന്റെ ചലനമനുസരിച്ച് സദാ ചലിച്ചുകൊണ്ടിരിക്കും. ഉറവിടത്തിൽനിന്ന് താഴേക്കാണ് ജലത്തിന്റെ ചലനം. താഴോട്ട് വഴിയില്ലെങ്കിൽ അത് തദ്സ്ഥാനത്തുതന്നെ ഇളകിക്കൊണ്ടിരിക്കും. വായുവേഗമനുസരിച്ചായിരിക്കും ആ ചലനശക്തി. നദികൾ താഴോട്ട് ഒഴുകിക്കൊണ്ടിരിക്കുമ്പോൾ സമുദ്രം അതിന്റെ സ്ഥാനത്തുതന്നെ ഇളകിക്കൊണ്ടിരിക്കുന്നു. സമുദ്രത്തിലെ അടിയൊഴുക്കും മുകളിലെ തിരമാലകളും ഈ ഇളക്കമാണ്. ജലത്തിന്റെ ഈ സ്വഭാവം അതിന്റെ നിറത്തിലും സ്വാധീനം ചെലുത്തും. അതില്ലായിരുന്നുവെങ്കിൽ വെള്ളത്തിൽ വസ്തുക്കൾ വിഘടിക്കുകയോ ലയിച്ചുചേരുകയോ ഇല്ല. ഒരു സംഭരണിയിലെ വെള്ളത്തിൽ അലിയുന്ന ഏതു വസ്തുവും ആ വെള്ളത്തിന്റെ എല്ലാ കണികയിലും എത്തുന്നു. ജലത്തെ ഈ വിശിഷ്ട ഗുണത്തോടെ സൃഷ്ടിച്ചത് അല്ലാഹുവിന്റെ ആസൂത്രണവും സൃഷ്ടികളോടുള്ള ഔദാര്യവുമാണ്. സംഗമിപ്പിച്ചു, കലർത്തി എന്ന അർഥം കൽപ്പിക്കുമ്പോൾ രണ്ടു ജലസ്രോതസ്സുകളെ കൂട്ടിയിണക്കി, അല്ലെങ്കിൽ കൂട്ടിക്കലർത്തി എന്നാണ് താൽപര്യം.

بحر -ന്റെ ദ്വിവചനം ( تثنية ) ആണ് بحرين. സാധാരണയായി സമുദ്രത്തിനാണ് بحر ഉപയോഗിക്കാറുള്ളത്. അപൂർവമായി വൻനദികളെയും بحر എന്നു വിളിക്കും. ഇവിടെ പരാമർശിച്ച രണ്ടു സാഗരങ്ങളിൽ ഒന്ന് സമുദ്രങ്ങളും മറ്റേത് നദികളുമാണ്. അനായാസം ആസ്വദിക്കാവുന്ന ശുദ്ധമായ കുടിനീരാണ് عذب. ഇതുതന്നെയാണ് فرات -ഉം. ഈ രണ്ടു പദങ്ങളുടെയും മുന്നിൽ ماء (വെള്ളം) അനുക്തമായിരിക്കുന്നു. نهر الفرات യൂഫ്രട്ടീസ് നദിയാണ്. അതിലെ ജലം സ്വഛസ്ഫടികസമാനമായതുകൊണ്ടാണ് ആ പേരു വിളിച്ചതെന്നും പറയപ്പെടുന്നു. യൂഫ്രട്ടീസിലെ വെള്ളം അതീവ ശുദ്ധമായതുകൊണ്ട് ആ പദം ശുദ്ധജലത്തിന്റെ പര്യായമായിത്തീരുകയായിരുന്നുവെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്. നദീജലത്തിന്റെ സംശുദ്ധിയും ആസ്വാദ്യതയും മുഴപ്പിച്ചുകാണിക്കാനാണ് عذب -ഉം فرات -ഉം ഒന്നിച്ചുപയോഗിച്ചത്. 'മർജ്' സംഗമിപ്പി

ക്കലാണെന്നു വെക്കുമ്പോൾ, ശുദ്ധവും സ്വാദിഷ്ടവുമായ നദീജലത്തെയും കടുത്ത ഉപ്പുരസമുള്ള സമുദ്രജലത്തെയും അല്ലാഹു സംഗമിപ്പിച്ചിരിക്കുന്നു എന്നാകും ആശയം.

എന്നാൽ നദീജലം സമുദ്രത്തിൽ പരന്ന് അതിന്റെ ഉപ്പുരസത്തെ ഹനിക്കുന്നില്ല. സമുദ്രജലം നദീജലത്തിൽ കടന്നുകയറി അതിന്റെ ശുദ്ധതയെയും ഹനിക്കുന്നില്ല. രണ്ടിനുമിടയിൽ അദൃശ്യമായ ഒരു മറ സൃഷ്ടിച്ചിരിക്കുന്നു. وَجَعَلَ بَيْنَهُمَا بَرْزَخًا وَحِجْرًا مَحْجُورًا എന്നാണ് മൂലവാക്യം. بَرْزَخ-ന്റെ അർഥം സൂറ *അൽ മുഅ്മിനൂൻ* 100-ാമത്തെ സൂക്തത്തിനു താഴെയും وَحِجْرًا مَحْجُورًا-ന്റെ അർഥം ഈ സൂറയിലെ 22-ാം സൂക്തത്തിനു താഴെയും *ഖുർആൻ ബോധനം* വ്യക്തമാക്കിയിട്ടുണ്ട്. *ബർസഖും ഹിജ്റൻ മഹ്ജൂറും* ഒന്നിച്ചുപറഞ്ഞത് عَذْبٌ-ഉം فُرَاتٌ-ഉം ഒന്നിച്ചുപറഞ്ഞതുപോലെ ആശയത്തെ മുഴപ്പിച്ചുകാണിക്കാനാണ്.

സമുദ്രാന്തർഭാഗങ്ങളിൽതന്നെ ചില തെളിനീരുറവകളും ധാരകളുമുണ്ടെന്നും ഈ സൂക്തം അതിനെയും സൂചിപ്പിക്കുന്നുവെന്നും ചില പണ്ഡിതന്മാർ സൂചിപ്പിക്കുന്നു. അത്തരം ധാരകളും ഉറവകളും ഉപ്പുകലർന്ന് മലിനമാകാതെ സംരക്ഷിക്കപ്പെടുന്നു. ഉപ്പുജലത്തിനകത്തായിട്ടും അവയിൽ ഉപ്പുകലരാതിരിക്കുന്നത് അല്ലാഹുവിന്റെ ഖുദ്റത്തിനാലാണ്. സമുദ്രത്തിലെ ഈ തെളിനീരൊഴുക്ക് കപ്പൽസഞ്ചാരികൾക്കും കടലിൽ ജോലിയെടുക്കുന്നവർക്കും ഉപകാരപ്പെടാറുണ്ട്. പേർഷ്യൻ ഉൾക്കടലിലെ ഇത്തരം തെളിനീരുറവകൾ നാവികസഞ്ചാരികളും അടുത്തകാലം വരെ എണ്ണഖനന കമ്പനികളും പ്രയോജനപ്പെടുത്തിയിരുന്നതിന് ആധികാരിക രേഖകളുള്ളതായി മൗലാനാ മൗദൂദി *തഫ്ഹീമുൽ ഖുർആനിൽ* വിവരിക്കുന്നു.

രണ്ടു സാഗരങ്ങൾ ഒന്നു ഭൂമിയിലെ സമുദ്രങ്ങളും മറ്റേത് മാനത്തെ മേഘങ്ങളാണെന്നും ഒരഭിപ്രായമുണ്ട്. മേഘങ്ങളം സദാ ഒഴുകിക്കൊണ്ടിരിക്കുകയാണ്. അന്തരീക്ഷം കൊണ്ട് ശുദ്ധജലവാഹികളായ മേഘങ്ങളും ഉപ്പുകലർന്ന ഭൗമസമുദ്രങ്ങളും പരസ്പരം വേർപ്പെടുത്തപ്പെട്ടിരിക്കുന്നു. സമുദ്രത്തിൽനിന്നാണ് മേഘങ്ങളുണ്ടാകുന്നതെങ്കിലും സമുദ്രത്തിന് മേഘങ്ങളെ പ്രാപിക്കാനാവില്ല. സമുദ്രത്തിന്റെ ഉപ്പു കലർന്ന പ്രകൃതിയെ ഹനിക്കാത്തവിധം അല്ലാഹു നിശ്ചയിച്ച അളവിലേ മേഘജലം ഭൗമ സമുദ്രത്തിലെത്തുന്നുള്ളൂ.

ഈ സൂക്തത്തിന് സൂക്ഷ്മമായ മറ്റൊരാശയവും കൂടി ഖുർആൻ വ്യാഖ്യാതാക്കൾ കണ്ടെത്തിയിട്ടുണ്ട്. സമുദ്രജലം കടുത്ത കയ്പും ചവർപ്പുമുള്ളതാണെങ്കിലും അതിനകത്തു തന്നെ അല്ലാഹു ശുദ്ധജലധാരകളും ഉളവാക്കുന്നുണ്ട്. അതിൽ ഒന്നു മറ്റേതിനെ അതിക്രമിക്കുന്നില്ല. അതുപോലെ, കടുത്ത അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും സാഗരമായ സമുദായങ്ങളിൽ ചിലപ്പോൾ അല്ലാഹു സത്യവിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും തെളിനീരുറവകളൊഴുക്കുന്നു. മൂഢസാഗരം എത്ര അഗാധമായിരുന്നാലും ഈ തെളിനീർ ധാരയെ മലിനപ്പെടുത്താനാവില്ല. കൊടിയ മർദനപീഡനങ്ങൾക്കും ആക്ഷേപശകാരങ്ങൾക്കും മധ്യേ സത്യവിശ്വാസത്തിന്റെയും സന്മാർഗത്തിന്റെയും ധാര, അതിന്റെ വാഹകർ വിശുദ്ധ ഖുർആൻ കൊണ്ടുള്ള ജിഹാദിലൂടെ സംരക്ഷിക്കുന്നു. ■

---

وَهُوَ الَّذِي خَلَقَ مِنَ الْمَاءِ بَشَرًا فَجَعَلَهُ نَسَبًا وَصِهْرًا ۗ وَكَانَ رَبُّكَ قَدِيرًا ﴿٥٤﴾

54. ജലത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചതും അവൻ തന്നെ. എന്നിട്ടവന് വംശബന്ധവും വിവാഹബന്ധവും നിശ്ചയിച്ചുകൊടുക്കുകയും ചെയ്തു. നിന്റെ വിധാതാവ് എന്തിനും കഴിവുള്ളവനല്ലോ.

**54**

وَهُوَ = അവൻ (തന്നെ) الَّذِي خَلَقَ = സൃഷ്ടിച്ചവൻ مِنَ الْمَاءِ = ജലത്തിൽനിന്ന് بَشَرًا = മനുഷ്യനെ

فَجَعَلَهُ = എന്നിട്ട് അവൻ ആക്കി (നിശ്ചയിച്ചുകൊടുക്കുകയുംചെയ്തു) نَسَبًا = വംശബന്ധം وَصِهْرًا = വിവാഹബന്ധവും

وَكَانَ رَبُّكَ = നിന്റെ വിധാതാവ് ആകുന്നു (അല്ലോ) قَدِيرًا = ഏറെ (എന്തിനും) കഴിവുള്ളവൻ

ഇവിടെ പരാമർശിക്കുന്ന ജലം സാധാരണ വെള്ളമാവാം. ശുക്ലനീരുമാവാം. രണ്ടും സാധുവാകുന്നു. എങ്കിലും മനുഷ്യസൃഷ്ടിയുമായി ബന്ധപ്പെടുത്തി ജലം പരാമർശിക്കുമ്പോൾ ഖുർആൻ ഉദ്ദേശിക്കാറുള്ളത് ശുക്ലമാണ്. നിസ്സാരവും മ്ലേഛവുമായ രേതസ്കണത്തിൽനിന്ന് തണ്ടുംതടിയും കഴിവും കരുത്തും ബുദ്ധിയും വിവേകവുമുള്ള മനുഷ്യനെ സൃഷ്ടിച്ചത് അല്ലാഹുവിന്റെ മഹത്വത്തിന്റെ വ്യക്തമായ അടയാളമായി ഖുർആൻ നേരത്തേ പലയിടത്തും പരാമർശിച്ചിട്ടുണ്ട്. ഇവിടെ ഇക്കാര്യം അനുസ്മരിക്കുന്നത് മനുഷ്യസൃഷ്ടിയിൽ ഉൾച്ചേർത്ത, അവന്റെ സാമൂഹിക ബന്ധങ്ങൾക്കും സാംസ്കാരിക സ്വഭാവത്തിനും ആധാരമായ ഘടകത്തെ ചൂണ്ടിക്കാണിക്കാനാണ്. മനുഷ്യപ്രകൃതിയിലുള്ള കുടുംബബന്ധമാണത്. نَسَب വംശബന്ധവും صِهْر വൈവാഹികബന്ധവുമാണ്. മറ്റു ജീവജാലങ്ങൾക്കില്ലാത്തതാണ് ഈ രണ്ടു ബന്ധവും. മനുഷ്യേതര ജീവികളിൽ ദാമ്പത്യബന്ധം എന്നൊന്നില്ല. ലൈംഗിക ചോദനയുണ്ടാകുമ്പോൾ അവ അടുത്തു കാണുന്ന ഇണയെ പ്രാപിക്കുന്നു. ആ ഇണ മകനോ മകളോ പിതാവോ പുത്രനോ സഹോദരീസഹോദരനോ ആരുമാകാം. ആരാണെന്ന് പരസ്പരം അന്വേഷിക്കാറില്ല. ആരായാലും പ്രശ്നവുമില്ല. ആസക്തി

ശമിക്കുന്നതതോടെ ബന്ധം അവസാനിക്കുന്നു. അതാണ് തന്റെ ഇണയെന്നോ ഇനിയും ആസക്തിയുണ്ടാകുമ്പോൾ ആ ഇണയെത്തന്നെ പ്രാപിക്കണമെന്നോ ചിന്തിക്കുന്നുമില്ല. പെൺപങ്കാളി ഗർഭം ധരിച്ച് പ്രസവിച്ചാൽ ഒരു ആൺമൃഗവും അതിന്റെ പിതൃത്വം ഏറ്റെടുക്കുന്നില്ല. ഒരു പുത്രനും തന്റെ പിതാവിനെ അറിയുന്നുമില്ല. സ്വയം ആഹാരം തേടാനാകുന്നതുവരെ മാത്രമാണ് കുട്ടിക്ക് തള്ളയുമായുള്ള ബന്ധം. അന്നം തേടാനുള്ള കഴിവാകട്ടെ തിര്യക്കുകൾ അതിവേഗം ആർജിക്കുകയും ചെയ്യും. അതിനുശേഷം പിള്ള തള്ളയെയോ തള്ള പിള്ളയെയോ അറിയുന്നില്ല. തിര്യക്കുകൾക്ക് സ്വന്തം ജീവിതധർമം പൂർത്തീകരിക്കാൻ കുടുംബമോ സാമൂഹിക വ്യവഹാരങ്ങളോ ആവശ്യമില്ല എന്നതാണ് കാരണം.

സ്രഷ്ടാവിനെയും സൃഷ്ടിലക്ഷ്യത്തെയും ബോധപൂർവം അറിഞ്ഞ് അവയുടെ താൽപര്യത്തിനൊത്ത ചിന്താസരണിയും കർമജീവിതവും സ്വീകരിച്ച് ഭൗതികവും ആത്മീയവുമായ സംസ്കാരവും നാഗരികവികാസവും ആർജിച്ച് വിശുദ്ധവും പ്രശാന്തവുമായ പാരത്രിക നിത്യജീവിതത്തിന് യോഗ്യനാവുകയാണല്ലോ മനുഷ്യധർമം. ഈ ധർമം സാക്ഷാത്കരിക്കുന്നതിനാവശ്യമായ ഉപാധികളായിട്ടാണ് അല്ലാഹു അവന് സവിശേഷമായ ശരീരഘടനയും ബുദ്ധിയും വിവേചനശക്തിയും വിവേകവും സ്നേഹം, ദയ, കാരുണ്യം, സാമൂഹികബോധം, കുടുംബസ്നേഹം തുടങ്ങിയ വികാരങ്ങളും പ്രദാനം ചെയ്തിട്ടുള്ളത്. മനുഷ്യനായി ജീവിക്കാൻ കുടുംബ-സാമൂഹിക ബോധങ്ങളുണ്ടായിരിക്കുകയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഘടകമായിരിക്കുകയും വേണം. മനുഷ്യന്റെ ജനനവും ശൈശവവും ബാല്യവുമെല്ലാം ഈ ബന്ധം ശക്തമാകാനും വികസിക്കാനും പറ്റിയ രീതിയിലാണ് സംവിധാനിക്കപ്പെട്ടിരിക്കുന്നത്. ലൈംഗികാസക്തിയുണ്ടാകുമ്പോൾ കണ്ടുമുട്ടുന്ന എതിർലിംഗത്തെ ഓടിച്ചെന്ന് പ്രാപിക്കാനാവില്ല. കുടുംബത്തിന്റെയും സമുദായത്തിന്റെയും അറിവോടും സമ്മതത്തോടും കൂടി ബലിഷ്ഠമായ കരാറിന്റെ അടിസ്ഥാനത്തിൽ പരസ്പരം ദമ്പതികളായിത്തീരുന്നവർ തമ്മിലേ ഇണചേരാവൂ. ഗർഭസ്ഥനാകുന്നതോടെ മാതാവും പിതാവും ആശയോടെ, പ്രതീക്ഷയോടെ സന്തതിയുടെ ജനനം കാത്തിരിക്കുന്നു. നീണ്ട ഗർഭകാലവും ഈറ്റുനോവുമൊന്നും മാതാവിൽ അവനോട് വെറുപ്പല്ല, സ്നേഹവും ദയയുമാണ് വളർത്തുക. പ്രസവിക്കപ്പെട്ടുകഴിഞ്ഞാൽ ഉടനെയോ ഏതാനും നാളുകൾക്കകമോ അവൻ സ്വന്തം പാടുനോക്കി പോകുന്നില്ല. അവന്റെ ശൈശവപ്രകൃതി അതിനനുവദിക്കുന്നതുമല്ല. മാതാവിന്റെ നിതാന്തശ്രദ്ധയും പരിചരണവുമില്ലെങ്കിൽ ശിശുവിന് ജീവിക്കാനാവില്ല. രണ്ടു വർഷത്തോളം മുലയൂട്ടണം. അതിനുശേഷവും പത്തോ പതിനഞ്ചോ കൊല്ലം ജാഗ്രതയോടെ പോറ്റിവളർത്തണം. അങ്ങനെ വളർത്തപ്പെട്ടാലേ അവൻ കുറ്റംതീർന്ന മനുഷ്യനായി വരൂ.

സൃഷ്ടികളിൽ അതിശ്രേഷ്ഠനായ മനുഷ്യനു മാത്രം ഇത്ര ദീർഘവും അവശവും ആശ്രിതവുമായ ശൈശവ-ബാല്യങ്ങൾ വന്നുചേർന്നത് യാദൃഛികമല്ല. മനുഷ്യൻ മനുഷ്യനാകാൻ സ്രഷ്ടാവ് ആസൂത്രണം ചെയ്ത പ്രക്രിയയാണത്. പ്രസവിക്കപ്പെട്ട ഉടനെ സ്വന്തം പാടുനോക്കി പോയിരുന്നെങ്കിൽ തിര്യക്കുകളെപ്പോലെ അവനും കുടുംബവും സമൂഹവും സംസ്കാരവുമില്ലാത്ത മൂഢജീവിയായിത്തീരുമായിരുന്നു. മാതാപിതാക്കളുടെ സ്നേഹവാത്സല്യങ്ങൾ നുകർന്ന് വളരുന്ന കുഞ്ഞിൽ മാതാപിതാക്കളോടുള്ള സ്നേഹാദരങ്ങളും വളരുന്നു. സ്നേഹത്തിന്റെയും സഹകരണത്തിന്റെയും സേവനബോധത്തിന്റെയും ത്യാഗത്തിന്റെയുമൊക്കെ പാഠശാലയാണ് കുടുംബം. കുടുംബത്തിൽനിന്ന് ശീലിക്കുന്ന സ്നേഹസാഹോദര്യവികാരങ്ങളാണ് സമൂഹത്തിലേക്ക് വികസിക്കുന്നതും സാമൂഹിക ബന്ധങ്ങളെ നിർണയിക്കുന്നതും. കുടുംബത്തിന്റെ അഭാവത്തിൽ സമൂഹമില്ല. സമൂഹമില്ലെങ്കിൽ സംസ്കാരവും നാഗരികതയുമില്ല. കുടുംബം ശിഥിലമാകുമ്പോൾ സമൂഹവും ശിഥിലമാകുന്നു.

മനുഷ്യൻ അല്ലാഹുവിനോടുള്ള ഉത്തരവാദിത്തം ലംഘിക്കുന്നതിനെയും കുടുംബശിഥിലീകരണത്തെയും ഭൂമിയിൽ നാശം പരത്തുന്നതിനെയും ഖുർആൻ ചേർത്തു പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. ഉദാ:

الَّذِينَ يَنْقُضُونَ عَهْدَ اللَّهِ مِنْ بَعْدِ مِيثَاقِهِ وَيَقْطَعُونَ مَا أَمَرَ اللَّهُ بِهِ
أَنْ يُوصَلَ وَيُفْسِدُونَ فِي الْأَرْضِ ۚ أُولَٰئِكَ هُمُ الْخَاسِرُونَ ﴿٢٧﴾

(അല്ലാഹുവിനോട് കരാർ ഉറപ്പിച്ച ശേഷം ലംഘിക്കുകയും അല്ലാഹു ചേർക്കാൻ കൽപിച്ച കുടുംബബന്ധം വിഛേദിക്കുകയും ഭൂമിയിൽ കുഴപ്പം സൃഷ്ടിക്കുകയും ചെയ്യുന്നവരുണ്ടല്ലോ അവർ ജീവിതം നഷ്ടപ്പെടുത്തിയവർ തന്നെയാകുന്നു-2:27). *അർറഅ്ദ്* 25, *മുഹമ്മദ്* 22 സൂക്തങ്ങളും ഇതേ സംഗതി ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. *അൽബഖറ*യിൽ എന്നപോലെ *അർറഅ്ദ്* 25-ലും കുടുംബബന്ധങ്ങൾ പാവനമാണെന്നും പരിപാലിക്കാൻ അല്ലാഹു സവിശേഷം കൽപിച്ചിട്ടുള്ളതുമാണെന്നും വ്യക്തമാക്കുന്നു. മനുഷ്യൻ അവന്റെ വികാസപരിണാമങ്ങൾക്കിടയിൽ സ്വയം ആവിഷ്കരിച്ച സംവിധാനമാണ് കുടുംബം എന്ന് ചിലർ നിരീക്ഷിക്കുന്നുണ്ട്. നാം ചർച്ചചെയ്യുന്ന സൂക്തം ആ വാദത്തെ നിഷേധിക്കുകയാണ്. കുടുംബബന്ധം-വംശബന്ധവും വിവാഹബന്ധവും-മനുഷ്യരെ സൃഷ്ടിച്ച അല്ലാഹു മനുഷ്യനിൽ സവിശേഷം നിയമിച്ച സ്വഭാവമാണെന്നാണ് ഇവിടെ പറയുന്നത്. സന്തതികളോട് മാതാപിതാക്കൾക്കുള്ള പ്രതീക്ഷാനിർഭരമായ സ്നേഹവാത്സല്യങ്ങളിൽനിന്നും നവജാത സന്തതിയുടെ സുദീർഘമായ ശൈശവാവശതയിൽനിന്നുമാണ് അടിസ്ഥാനപരമായി കുടുംബം രൂപപ്പെടുന്നത്. കുടുംബം അവൻ സ്വയം ആവിഷ്കരിച്ചതാണെങ്കിൽ അതിനാധാരമായ ഈ വികാരങ്ങളും അവശതയും കൂടി സ്വയം ആവിഷ്കരിച്ചതായിരിക്കുമോ? കുടുംബം വ്യക്തിസ്വാതന്ത്ര്യത്തിന് വിഘാതമായ അനാവശ്യസ്ഥാപനമാണെന്ന ഒരു വാദവും ആധുനിക ലോകത്ത് ഉയർന്നുവന്നതായി കാണാം. കുടുംബവ്യവസ്ഥ മാത്രമല്ല സാമൂഹികവ്യവസ്ഥയും മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് ചില നിയമങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നുണ്ട്. പദാർഥങ്ങളോടുള്ള ബന്ധം പോലും അത്തരം നിയന്ത്രണങ്ങൾക്കതീതമാകുന്നില്ല. കുടുംബ-സാമൂഹിക ബന്ധങ്ങളുടെ നിയന്ത്രണങ്ങളിൽനിന്ന് സ്വതന്ത്രമാവുകയെന്നാൽ മനുഷ്യൻ മനുഷ്യത്വത്തിൽനിന്നുതന്നെ മുക്തനാവുകയാണ്. അതു തന്നെയാണ് ഭൂമി നാശകലുഷം-فساد في الأرض-ആയിത്തീരൽ.

ഇസ്‌ലാം ഗൗരവപൂർവം പരിഗണിക്കുന്ന വിഷയമാണ് കുടുംബ വ്യവസ്ഥയുടെ പാലനം. അല്ലാഹു ചേർക്കാൻ

കൽപ്പിച്ച ബന്ധം- ما امر الله به ان يوصل -എന്നാണ് മുകളിൽ സൂചിപ്പിച്ച രണ്ടു സൂക്തങ്ങൾ അതിനെ വിശേഷിപ്പിക്കുന്നത്. അല്ലാഹുവുമായുള്ള ബന്ധവിഛേദനത്തോട് അടുത്തുനിൽക്കുന്ന പാതകമാണതെന്ന സൂചനയുമുണ്ട് അതിൽ. നബി (സ) പ്രസ്താവിച്ചതായി ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: لا يدخل الجنة قاطع رحم (കുടുംബഛേദകന് സ്വർഗത്തിൽ പ്രവേശനമില്ല). ഇമാം അഹ്മദ് ഉദ്ധരിച്ച മറ്റൊരു നബി വചനം:

ان اعمال بنى ادم معرض كل خميس ليلة الجمعة فلا يقبل عمل قاطع رحم

(മനുഷ്യപുത്രന്മാരുടെ കർമങ്ങൾ ഓരോ വെള്ളിയാഴ്ച രാവിലും ഹാജരാക്കപ്പെടുന്നതാണ്. കുടുംബഛേദകന്റെ കർമങ്ങളൊന്നും അപ്പോൾ സ്വീകരിക്കപ്പെടുന്നതല്ല). ഇമാം അബൂദാവൂദ് പ്രവാചകനിൽനിന്ന് ഉദ്ധരിക്കുന്നു:

ما من ذنب اجدر ان يعجل الله لصاحبه العقوبة فى الدّنيا مع ما يدّخر فى الآخرة مثل البغى وقطيعة الرّحم

(അല്ലാഹു ഒരു ശിക്ഷാർഹന്നും പരലോകത്ത് ശിക്ഷ സൂക്ഷിച്ചുവെച്ചിട്ടുള്ളതോടൊപ്പം ഇഹലോകത്തുതന്നെ ധൃതിപ്പെട്ട് ശിക്ഷ നൽകാൻ അർഹമായ പാപം വ്യഭിചാരവും കുടുംബഛേദനവും പോലെ മറ്റൊന്നില്ല).

കുടുംബബന്ധം രണ്ടിനമുണ്ട്. ഒന്ന് വംശബന്ധം- نَسَب . ഇത് ജന്മനാ വന്നുചേരുന്നതാണ്. സ്വന്തം മാതാപിതാക്കളെയും മക്കളെയും മറ്റും ആർക്കും തെരഞ്ഞെടുത്ത് സ്വീകരിക്കാനാവില്ല. അവരാണ് വംശബന്ധുക്കൾ- نَسَب. ബന്ധം, വംശം, ചേർച്ച എന്നീ അർഥങ്ങളിലും نَسَب ഉപയോഗിക്കും. വിവാഹത്തിലൂടെ തെരഞ്ഞെടുത്തുണ്ടാക്കുന്നതാണ് രണ്ടാമത്തേത്. അതിന് صِهْر എന്നു പറയുന്നു. ഭാര്യക്കും വിവാഹം മുഖേനയുള്ള ശ്വശുരൻ, ശ്വശുര, സ്യാലൻ, ജാമാതാവ് തുടങ്ങിയ ബന്ധുക്കൾക്കും صِهْر എന്നു പറയും. തമ്മിൽ വിവാഹിതരാകുന്നത് مصاهرة ആണ്. ഒരാൾക്ക് സ്വന്തം രക്തബന്ധുക്കൾക്കു പുറമെ ഭാര്യയുടെ ബന്ധുക്കളും ബന്ധുക്കളാകുന്നു. വംശബന്ധം വംശത്തിൽ പരിമിതവും അഖണ്ഡവുമാകുന്നു. വിവാഹം വ്യക്തിയെ അവന്റെ വംശത്തിനപ്പുറമുള്ളവരുമായി ബന്ധിപ്പിക്കുന്നു. വിവാഹത്തിലൂടെ അയാൾ ഭാര്യയുടെ/ഭർത്താവിന്റെ വംശപരവും വൈവാഹികവുമായ ബന്ധുക്കളും കൂടി ഉൾപ്പെട്ട വലിയൊരു സംഘത്തിൽ അംഗമാകുന്നു. അവന്റെ ബന്ധം അങ്ങനെ വിശ്വസമൂഹത്തിലേക്ക് വികസിക്കുന്നു. വൈവാഹിക ബന്ധം രക്തബന്ധം പോലെ അഖണ്ഡനീയമല്ല. വിവാഹബന്ധം ഇല്ലാതാകുന്നതോടെ അതുവഴി മറ്റുള്ളവരുമായുണ്ടായ ബന്ധവും ഇല്ലാതാകും. എങ്കിലും ബന്ധം നിലനിൽക്കുന്ന കാലത്തോളം വിവാഹം മൂലമുള്ള ബന്ധവും പവിത്രമാണ്. രക്തബന്ധുക്കളിൽ ചിലരെ വിവാഹം ചെയ്യാൻ പാടില്ലാത്തതുപോലെ വിവാഹം മൂലമുള്ള ബന്ധുക്കളിൽ ചിലരെയും വിവാഹം ചെയ്യാൻ പാടില്ല. ■